**Descr: A short description of the verse on Light upon Light known as Ayat Annoor**
**Ep-62 Islamic Epistemology Channel**

**തിളങ്ങുന്ന ഹൃദയത്തെ പുണരുന്ന വെളിച്ചം- ആയത്തുന്നൂറിന്റെ ചുരുക്കിയ വിവരണം**

സൂറ അന്നൂർ : 35

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

ٱللَّهُ نُورُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ مَثَلُ نُورِهِۦ كَمِشْكَوٰةٍ فِيهَا مِصْبَاحٌ ۖ ٱلْمِصْبَاحُ فِى زُجَاجَةٍ ۖ ٱلزُّجَاجَةُ كَأَنَّهَا كَوْكَبٌ دُرِّىٌّ يُوقَدُ مِن شَجَرَةٍ مُّبَٰرَكَةٍ زَيْتُونَةٍ لَّا شَرْقِيَّةٍ وَلَا غَرْبِيَّةٍ يَكَادُ زَيْتُهَا يُضِىٓءُ وَلَوْ لَمْ تَمْسَسْهُ نَارٌ ۚ نُّورٌ عَلَىٰ نُورٍ ۗ يَهْدِى ٱللَّهُ لِنُورِهِۦ مَن يَشَآءُ ۚ وَيَضْرِبُ ٱللَّهُ ٱلْأَمْثَٰلَ لِلنَّاسِ ۗ
وَٱللَّهُ بِكُلِّ شَىْءٍ عَلِيمٌ

അല്ലാഹു ആകാശഭൂമികളുടെ വെളിച്ചമാണ്. അവന്റെ വെളിച്ചത്തിന്റെ ഉപമയിതാ: ഒരു വിളക്കുമാടം; അതിലൊരു വിളക്ക്. വിളക്ക് ഒരു സ്ഫടികക്കൂട്ടിലാണ്. സ്ഫടികക്കൂട് വെട്ടിത്തിളങ്ങുന്ന ആകാശനക്ഷത്രം പോലെയും. അനുഗൃഹീതമായ ഒരു വൃക്ഷത്തിൽ നിന്നുള്ള എണ്ണ കൊണ്ടാണത് കത്തുന്നത്. അഥവാ, കിഴക്കനോ പടിഞ്ഞാറനോ അല്ലാത്ത ഒലീവ് വൃക്ഷത്തിൽനിന്ന്. അതിന്റെ എണ്ണ തീ തൊടാതെ തന്നെ പ്രകാശിക്കും. വെളിച്ചത്തിനുമേൽ വെളിച്ചം. അല്ലാഹു തന്റെ വെളിച്ചത്തിലേക്ക് താനിച്ഛിക്കുന്നവരെ നയിക്കുന്നു. അവൻ സർവ ജനത്തിനുമായി ഉദാഹരണങ്ങൾ വിശദീകരിക്കുന്നു. അല്ലാഹു സകല സംഗതികളും നന്നായറിയുന്നവനാണ്.

**ആകാശ ഭൂമികളുടെയും മനുഷ്യ നഫുസ്സിന്റെയും ഫിത്റ**

- ഖൽബിന്റെ തിളക്കം വ്യക്തിയുടെ കർമ്മ മികവിനെ കുറിയ്ക്കുന്നു. ഖൽബിനെ അതിനു പര്യാപ്തമാക്കാൻ അള്ളാഹു മനുഷ്യനു് ആകാശ ഭൂമികളുടെ ഫിത്റയെ നൽകിയിരിയ്ക്കുന്നു.
- ആകാശ ഭൂമികളുടെ ഫിത്റ അവയെ സൃഷ്ടിച്ചു പരിപാലിയ്ക്കുന്ന അള്ളാഹുവിന്റെ നൂറിനായുള്ള കേഴലാണ്
- നൂറ് അവന്റെ ഇൽമാണ്
- **സൃഷ്ടി ഘടനയും ഫിത്റയും**
- ഭൂമിയും സമവാത്തുകളെന്ന ആകാശലോകങ്ങളും അല്ലൗഹിൽ മഹ്ഫൂളെന്ന സ്ഥല കാലാതീത ഹഖായയിടത്തു നിന്നാരംഭിയ്ക്കുന്നു
- അല്ലൗഹിൽ മഹ്ഫൂൾ അള്ളാഹുവിന്റെ കയ്യിലെ റഹുമത്തിൻ സാഗരമാണ്
- അതിന്റെ ഉൽഭവ സ്ഥാനത്തെ സിദുറത്തുൽ മുന്തഹയെന്ന വൃക്ഷനാമം കൊണ്ടു് അടയാളപ്പെടുത്തിയിരിയ്ക്കുന്നു
- സിദുറത്തുൽ മുന്തഹയിൽ ഖദ്റ് നൂറു കൊണ്ടെഴുതുമ്പോൾ ആകാശ ലോകങ്ങളും ഭൂമിയും സൃഷ്ടിയ്ക്കപ്പെടുന്നു
- ഖദ്റെന്നാൽ ഖുർആനെന്ന അള്ളാഹുവിന്റെ സംസാരമാണ് അഥവ അതവന്റെ നൂറുകൊണ്ടെഴുതുന്ന കലാമാണ്/ പേനയാണ്
- ഭൂമിയുടെ ഫിത്റ ആകാശ ലോകങ്ങളിലേയ്ക്കും ആകാശ ലോകങ്ങളുടെ ഫിത്റ സിദുറത്തുൽ മുന്തഹയിലേയ്ക്കും സിദുറത്തുൽ മുന്തഹയുടെ ഫിത്റ ഖദ്റെന്ന അള്ളാഹുവിന്റെ സൃഷ്ടി കല്പനയിലേയ്ക്കും തിരിഞ്ഞിരിയ്ക്കുന്നു.
- അതേ പോലെ, മനുഷ്യന്റെ ഭൗതിക സത്ത നഫുസ്സിലേയ്ക്കും നഫുസ്സ് ഖൽബിലേയ്ക്കും ഖൽബ് ഖദ്റിലേയ്ക്കും/

ഖുർആനിലേയ്ക്കും  നൂറിനായി/ മാർഗ്ഗ ദർശനത്തിനായി തിരിഞ്ഞിരിയ്ക്കുന്നു

- **നഫുസ്സെന്ന വിളക്കുമാടവും റൂഹെന്ന വിളക്കും**
- ആയത്തുന്നൂറിൽ സുജാജത്തെന്ന സ്ഫടികക്കൂടിനകത്താണു് മിസ്ബാഹെന്ന വിളക്ക്. അവ മിശ്ക്കാത്തെന്ന വിളക്കുമാടത്തിനകത്താണു്.
- മിശ്ക്കാത് നഫുസ്സിനെയും/ ആത്മീയ ശരീരത്തേയും, സുജാജത്ത് ഖൽബിനെയും, മിസ്ബാഹ് റൂഹിനെയും പ്രതിനിധീകരിയ്ക്കുന്നു.
- നഫുസ്സിനുള്ളിലെ ഖൽബിനകത്താണു് അള്ളാഹു ഊതി നൽകിയ ജീവനായ റൂഹുള്ളതു്. റൂഹിനെ അള്ളാഹു നൂറു കൊണ്ടു് സൃഷ്ടിച്ചിരിയ്ക്കുന്നു
- നൂറിൽ നിലനില്ക്കുന്ന ആകാശ ഭൂമികൾ പോലെയാണു് റൂഹിൽ പരിപാലിയ്ക്കപ്പെടുന്ന നഫുസ്സും ശരീരവും
- റൂഹിന്റെ ദൗത്യ സാക്ഷാത്കാരം പൂർത്തിയാകുന്നതു് ഖൽബിനെ ആവരണം ചെയ്യുമ്പോഴാണ്
- **ഖൽബിനെ പ്രകാശിപ്പിയ്ക്കുന്ന ഒലിവു വൃക്ഷം**
- അതിനു മുന്നോടിയായി ഖൽബ് നക്ഷത്രം പോലെ വെട്ടിത്തിളങ്ങും
- ഖൽബിനെ പ്രകാശിപ്പിയ്ക്കുന്നതു് ദിക്കുകളില്ലാത്തയിടത്തെ ഒരു അനുഗ്രഹീത ഒലിവു വൃക്ഷത്തിൽ നിന്നുള്ള എണ്ണയാണ്.
- കിഴക്കും പടിഞ്ഞാറുമില്ലാത്ത/ ദിക്കുകളുടെ അതിരുകളില്ലാത്ത ആയിടം അല്ലൗഹിൽ മഹ്ഫൂളെന്ന ഖൽബിനകമാണു്.
- അവിടെയുള്ള അനുഗ്രഹീതമായ ആ ഒലിവു വൃക്ഷം ഖദ്റെന്ന ആന്തരിക ഖുർആനും.
- അതിൽ നിന്നുള്ള എണ്ണ അള്ളാഹുവിന്റെ ഇൽമായ നൂറും

- നഫുസ്സിന്റെ സിദുറത്തുൽ മുന്തഹയാണ് ഖൽബ്. അവിടെ നിന്നു് അല്ലൗഹിൽ മഹ്ഫൂളെന്ന റഹുമത്തിന്റെ സാഗരം ഉൽഭവിയ്ക്കുന്നു
- **ആന്തരിക ഖുർആനെന്ന മുൽക്ക് അഥവ ആത്മീയ സാമ്രാജ്യം**
- അല്ലൗഹിൽ മഹ്ഫൂളിലാണ് അവന്റെ കയ്യിലെ മുൽക്ക്/ ആത്മീയ സാമ്രാജ്യം
- ആന്തരിക ഖുർആനാണു് ഏഴു സമവാത്തുകളുള്ള ആ മുൽക്ക്.
- അവിടെ നിന്നുള്ള നൂറെന്ന ഒലിവെണ്ണ ഖൽബെന്ന സിദുറയെ ജ്വലിപ്പിയ്ക്കുന്നു.
- ഖൽബിൽ ഖുർആനെന്ന മുൽക്കിനെ നൽകിയതു് സദ്കർമ്മങ്ങളിൽ മികവു തെളിയിയ്ക്കാനാണ്
- അവന്റെ മുൽക്കിനെ അറിയുമ്പോൾ ലഭിയ്ക്കുന്ന അവന്റെ ഇൽമ്/നൂറ് ഹൃദയത്തെ നക്ഷത്രം പോലെ തിളക്കമാർന്നതാക്കും
- അതു നഫുസ്സെന്ന വിളക്കുമാടത്തെ പ്രകാശമാനമാക്കും. ആ വിളക്കുമാടങ്ങൾ സമൂഹത്തിനു വഴികാട്ടിയാവും
- ബാഹ്യ ഖുർആനിനെ ഖദ്റിൽ നിന്നു് ഇറക്കി നൽകിയതു് അവന്റെ മുൽക്കിലൂടെ നൂറിലേയ്ക്കടുക്കുവാനാണു്.
- **നഫുസ്സിനു മുകളിലെ ഏഴു സഞ്ചാര പഥങ്ങൾ**
- ഖൽബിനെ നൂറിനു മേൽ നൂറു കൊണ്ടു മൂടുവാൻ ഏഴു സഞ്ചാര പഥങ്ങളെ നഫ്സിനു മേൽ ഒരുക്കി നൽകിയിരിയ്ക്കുന്നു.
- അവയിൽ ആറെണ്ണത്തിന്റെ വിവരണം സൂറ അർറഹിമാനിൽ നിന്ന് വായിച്ചെടുക്കാം.

- ഖൽബിന്റെ പ്രകാശത്തിൽ പ്രശോഭിതമാവുന്ന നഫുസ്സെന്ന വിളക്കുമാടത്തിനു അതിന്റെ പ്രകാശത്തിനനുസൃതമായി ആ സഞ്ചാര പഥങ്ങൾ ഒന്നൊന്നായി തുറന്നു തെളിയുന്നു.
- അതിലൂടെ യാത്ര ചെയ്തു് വികസിയ്ക്കുന്ന നഫുസ്സു് ഖൽബിനെ കൂടുതൽ കൂടുതൽ പ്രകാശിതമാക്കുന്നു.
- **പ്രകാശിയ്ക്കുന്ന ഖൽബിനെ ആലിംഗനം ചെയ്യുന്ന റൂഹ്**
- അള്ളാഹുവിന്റെ അനുഗൃഹീത ദാസനു സമ്മാനിയ്ക്കുന്ന ഏഴാമത്തെ ദശയുടെ വിവരണമാണു് ആയത്തുന്നൂർ.
- ഖൽബിൽ ഏറ്റവും ഉള്ളിലെ ഏഴാം സമാ'/സ്വർഗ്ഗലോകമായ അ'ലമുൽ അർവാഹിലാണു് റൂഹു് ഉള്ളതു്.
- ഏഴാം ലോകവും പ്രകാശിതമാവുന്നതോടെ മുൽക്കു് പൂർണ്ണമായി പ്രകാശപൂരിതമാവും.
- ഖൽബിന്റെ തിളക്കം പാരമ്യത്തിലെത്തുന്ന ആ ആത്മീയ മുഹൂർത്തത്തിൽ റൂഹു് പ്രത്യക്ഷമാവും. റൂഹ് ഖൽബിനെ പൊതിയുന്നു. റൂഹുമായി ഒന്നായിത്തീർന്ന നഫ്സ്സ് ഇപ്പോൾ ഏഴാം സ്വർഗ്ഗത്തിലാണ്
- ഇൽമിന്റെ പാരമ്യമാണു് നൂറുൻ അലാ നൂറെന്ന/വെളിച്ചത്തിനു മേൽ വെളിച്ചമെന്ന ആത്യന്തിക സത്യം വെളിപ്പെടുന്ന അവസ്ഥ
- **തീ സ്പർശിയ്ക്കാത്ത ഒലിവെണ്ണ**
- ബാഹ്യ ആന്തരിക ഖുർആനുകളെ പരസ്പര പൂരകങ്ങളായി നിശ്ചയിയ്ക്കപ്പെട്ടിരിയ്ക്കുന്നു.
- മുൽക്കിൽ നിന്നു് നൂറൊഴുകുന്ന ആറു സഞ്ചാര പഥങ്ങളുണ്ടാവുന്നതു് അറബി ഖുർആനിന്റെ ബയാനിലൂടെയാണ്.
- വി.ഖുർആൻ ഹിക്മത്തെന്ന യുക്തി ജ്ഞാനം പ്രദാനം ചെയ്യുന്നു.

- വിശുദ്ധിയുള്ള നഫുസ്സുകൾക്കു മാത്രമാണു് ആത്മാർത്ഥമായ ബയാൻ സാധ്യമാവുക
- അവർക്കാണു് ഖുർആനിലെ ഇൽമിനെ സ്പർശിയ്ക്കുവാൻ കഴിയുക.
- മനുഷ്യനെ കൊട്ടിയാൽ പ്രതിദ്ധ്വനിയ്ക്കുന്ന കളിമണ്ണു കൊണ്ടു സൃഷ്ടിച്ചിരിയ്ക്കുന്നു
- ബയാൻ റൂഹിനെ ഉണർത്തുന്ന കൊട്ടലാണു്. അതു് ഖൽബിൽ നൂറിന്റെ ഓളങ്ങളുണ്ടാക്കുന്നു
- .അള്ളാഹു തീ തൊടാതെ/ ഹിക്മത്തിലൂടെയല്ലാതെ/നൂറിലൂടെ മനുഷ്യ ഖൽബിനെ കത്തിജ്ജ്വലിപ്പിയ്ക്കുന്നു.
- ജിന്നുകളെ പുകയില്ലാത്ത തീയിൽ നിന്നും സൃഷ്ടിച്ചിരിയ്ക്കുന്നു. പുകയില്ലാ തീ ശുദ്ധ ബാഹ്യജ്ഞാനമായ ഹിക്മത്തിനെ കുറിയ്ക്കുന്നു
- പരിമിത സൃഷ്ടിയായ അഗ്നിയ്ക്ക് എത്തിപ്പെടാനാവാത്ത ഉയരത്തിലാണു് നൂറും അതിന്റെ വൃക്ഷമായ ഖുർആനും
- ആന്തരിക ഖുർആനിന്റെ അഭാവത്തിൽ ജിന്നുകൾക്കു് ബയാനിലൂടെ നൂറ് ലഭിയ്ക്കുന്നില്ല
- ആദ്യ ആറു സഞ്ചാരപഥങ്ങളുടെ അനുഗ്രഹസിദ്ധി അവർക്കു് ലഭിയ്ക്കുന്നത് ബാഹ്യ ഹിക്മത്തായിട്ടാണ്. മനുഷ്യനാകട്ടെ അതു് ഖൽബിന്റെ നൂറായിട്ടാണ്
- റൂഹായി മാറുന്ന നഫുസ്സു്-ഏഴാം സഞ്ചാരപഥം-ജിന്നുകൾക്കു നൽകപ്പെടാത്ത അനുഗ്രഹമാണ്
- അതിനാലാണ് ജിന്നിനും മനുഷ്യനും പൊതുവായുള്ള ആദ്യ ആറു  സഞ്ചാരപഥങ്ങളെ വിവരിയ്ക്കുന്ന അർറഹിമാൻ സൂറത്തിൽ ഈ ആയത്തിനെ ഉൾപ്പെടുത്താത്തതെന്നു കാണാം
- **നഫുസ്സിന്റെ വാഹനമായ റൂഹിലുള്ള സമയാതീത യാത്ര**

- നഫുസ്സു വഹിച്ചിരുന്ന റൂഹു് അങ്ങനെ നഫുസ്സിന്റെ വാഹനമായി മാറുന്നു.
- യാത്രക്കാരനു് വാഹനത്തിനു മേൽ യാതൊരു നിയന്ത്രണവുമില്ല.
- അതിന്റെ ഏക നിയന്ത്രണാധികാരി അള്ളാഹു മാത്രം
- ഏഴാം സ്വർഗ്ഗത്തിലേയ്ക്കു് കടന്ന നഫുസ്സിനു അള്ളാഹു അനുവദിച്ചാൽ റൂഹ് ഏഴു സമവാത്തുകളും കാണിച്ചു കൊടുക്കും
- മുഹമ്മദു നബി (സ) ആ ദൃശ്യത്തിനു സാക്ഷ്യം വഹിച്ചതായി സൂറത്ത് അൽമുൽക്കിൽ കാണാം
- റൂഹു് വാഹനമാവുമ്പോൾ നഫുസ്സു് നൂറിന്റ പാതയായ സിറാത്തൽ മുസ്തഖീമിലാണ്
- ആറു സഞ്ചാര പഥങ്ങൾ താണ്ടിയ ഖൽബിന്റെ യഹ്ദിന സ്വിറാത്തൽ മുസ്തഖീമെന്ന പ്രാർത്ഥനയ്ക്കുള്ള അള്ളാഹുവിന്റെ സമ്മാനമാണു് ആയത്തുന്നൂറിലെ സ്വിറാത്തൽ മുസ്തഖീം
- സമയത്തെ മുൻകടന്ന ഹഖായ ഈ പാതയ്ക്കിരുവശമാണു് കാലം
- നൂറു് റഹുമത്തിനെ അർറഹിമാനി അർറഹീമിന്റെ ഭൂത ഭാവി കാലങ്ങളായി പിളർന്നിരിയ്ക്കുന്നു.
- സിറാത്തൽ മുസ്തഖീമിൽ നിന്നു് ഖദ്റിലെ ആദി മദ്ധ്യാന്ത്യങ്ങൾ ഒരേപോലെ കാണാം
- അതിൽ നിന്നു് അള്ളാഹു കല്പിയ്ക്കുന്ന ഏടുകളെ സിറാത്തൽ മുസ്തഖീമിലെ ദാസനു് റൂഹു് കാണിച്ചു കൊടുക്കും
- റൂഹിലൂടെ കാണുന്ന ആ ഹഖായ കാഴ്ചയിൽ ഒരു അപാകതയും ഉണ്ടാവുകയില്ല

- മുഹമ്മദു നബി (സ)യുടെ നഫുസ്സിനെ റൂഹു വഹിച്ചു കൊണ്ടുള്ള രാത്രി യാത്രയാണ് മ്റാജ്
- മ്റാജിൽ നബി അവർകൾ (സ) സിറാത്തൽ മുസ്തഖീമിലാണ്
- റൂഹു് അള്ളാഹുവിന്റെ ഏറ്റവും വലിയ മുന്നു് ദൃഷ്ടാന്തങ്ങൾ കാണിച്ചു കൊടുക്കുന്നു
- നൂറിൽ പൊതിഞ്ഞ സിദുറത്തുൽ മുന്തഹയിൽ സൃഷ്ടിപ്പു് നടക്കുകയാണ്
- സിദുറയോടു ചേർന്നുള്ള സൃഷ്ടി ലോകമായ ജന്നത്തുൽ മഅ'വയിലെ ഏഴാം സ്വർഗ്ഗമാണ് മറ്റൊന്നു്.
- അവിടെ ജിബ്രീൽ (അ) തനതു രൂപത്തിൽ സന്നിഹിതനാണ്
- ശരീരത്തെ വിട്ടകന്ന സമയലോകത്തേക്കാൾ അടുത്ത സമയമില്ലായിടത്തിലെ സമയരഹിത രഥയാത്രയാണതു്.
- പകൽ വെളിച്ചത്തിലെ സൂര്യനു മുന്നിൽ ഇല്ലാതാകുന്ന ചന്ദ്രനെപ്പോലെ  ഖൽബിന്റെ ഇരട്ടി പ്രകാശത്തിൽ സദ്ർ/മനസ്സു നിഷ്പ്രഭമായി. സദ്ർ നഫുസ്സെന്ന ആകാശത്തിൽ ലയിച്ചില്ലാതായി.
- ആത്യന്തിക ജ്ഞാനം പകർന്നു നൽകിയ റൂഹിലൂടെയുള്ള ഹഖായ ആ ദർശനത്തിൽ അവിടുത്തെ ഉൾക്കണ്ണ് പതറിയില്ല
- സൃഷ്ടികളിൽ ഏറ്റവും മികവുറ്റ സൃഷ്ടിയായ റസൂൽ കരീം (സ)യ്ക്കു്  അള്ളാഹു സമ്മാനിച്ച മുൻപും പിന്പും അറിയുന്ന അവന്റെ സവിശേഷ ഇൽമിന്റെ പുരസ്ക്കാരമാണത്
- **ഹിക്മത്തെന്ന ശരിയായ ബാഹ്യ ജ്ഞാനവും നൂറെന്ന ആന്തരിക ജ്ഞാനവും**
- അള്ളാഹു അവനിശ്ചിയ്ക്കുന്നവരെ അവന്റെ നൂറിലേയ്ക്കു നയിയ്ക്കുന്നു. അവന്റെ ഭക്തന്മാർക്കു് നൂറെന്ന ആന്തരിക ജ്ഞാനം/ഇൽമ് പകരുന്നു

- എല്ലാ മനുഷ്യരേയും അവൻ അംസാലുകൾ/ ഉദാഹരണങ്ങളിലൂടെ പഠിപ്പിയ്ക്കുന്നു. അംസാലുകൾ ബാഹ്യജ്ഞാനം പ്രദാനം ചെയ്യുന്നു
- ബാഹ്യജ്ഞാനം നന്മ തിന്മകൾ, ശരി തെറ്റുകൾ, സത്യാസത്യങ്ങൾ കൂടികലർന്നതാണ്
- ബാഹ്യജ്ഞാനമായ സത്യത്തെ/ഹിക്മത്തിനെ നൂറിന്റെ വെളിച്ചത്തിൽ മാത്രമാണു് വേർതിരിയ്ക്കാനാവുക
- അങ്ങനെ ഇൽമുള്ളവർക്കുള്ളതാണ് ശരിയായ ആന്തരിക ബാഹ്യ ജ്ഞാനങ്ങൾ
- മറ്റുള്ളവർ ശരി ദിശയ്ക്കു വേണ്ടി ഊഹാപോഹങ്ങളെ അവലംബിയ്ക്കുന്നു
- അവരുടെ പ്രവർത്തികൾ നാശോന്മുഖമായിരിയ്ക്കും.
- **അള്ളാഹു അ'ലം.**